# Bites
# ബൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ് 2018 -19

GHSS Othukkungal

Othukkungal PO, 676 528

# പത്രാധിപ സമിതി

**ചീഫ് എഡിറ്റർ**

പ്രസീത വി (ഹെഡ് മിസ്ട്രസ്സ്)

**സ്റ്റാഫ് എഡിറ്റർ**

ശഹീർ സി എച്ച് (എസ് ഐ ടി സി)

**അസി. എഡിറ്റർ**

കുഞ്ഞിമുഹമ്മദ് എൻ എം (കൈറ്റ് മാസ്റ്റർ)
ഫാരിസ ടി വി (കൈറ്റ് മിസ്ട്രസ്)

**സ്റ്റുഡന്റ് എഡിറ്റർ**

നിഹാല പി കെ

**അംഗങ്ങൾ**

മുഹമ്മദ് ഹാഷിം കെ
അൻശിഫ് പി
ലിൻഷ ടി സി
ഫാതിമ ഹിബ

# താളുകളിൽ


മുഖക്കുറിപ്പ് ....................................................................................................4
പാത്തുമ്മയുടെ ആടുംമാനവികതയും ..... ..........................................................................5
ലിറ്റിൽ കൈറ്റ്സ്.................................................................................. ..............................7
ഇബ്തസിം ലിദ്ദുന്യാ.............................................................................. ...............................9
Neepa (Urdu).................................. ..................................................................................10
प्रक्ती की रकिषा हमारी सुरक्षा.................................................................. .............................11
प्रक्रतीमाँ.................................................................................................. ...............................12

**കാവ്യ ഗീതി**

സ്നേഹിതൻ...................................................................................................14
Bed in Summer..........................................................................................15
ഒരു പ്രണയത്തിന്റെ ഓർമ്മക്ക്...........................................................................16
First Shower..............................................................................................17
Mother .....................................................................................................18
my Lovely Parents.......................................................................................19
വിതുമ്പുന്ന തുള്ളികൾ.......................................................................................20
Mirror,Mirror.............................................................................................21
ബാക്കി എന്ത്..................................................................................................21
മഴ.............................................................................................................22
Happiness..................................................................................................23
I Wrote Myself............................................................................................23
മഴ.............................................................................................................24
Sing, little birdie..........................................................................................25
നിശാശലഭം...................................................................................................26
My Mother's Love...................................................................................... 27

**കഥാപ്രപഞ്ചം**

ഡയമണ്ട്നെക്ലസ്..............................................................................................29
മാപ്പ് തരുമോ ഈ പാപിക്ക്...................................................................................30
the Wise Sparrow........................................................................................32
Elephant and The Tailor............................................................ .......................33
Mouse and Frog..........................................................................................33
അലിയുടെ ജീവിതം............................................................................ ....................34
നനവാർന്ന ഓർമ്മകൾ.........................................................................................35

Books....... ......................................................................................................35
പ്രതിഭകൾ.. ......................................................................................................36
ചെങ്കോട്ട, ചാർമിനാർ............................................................................................38
സമാധാനത്തിന്റെ മാലാഖ.......................................................................................39
എന്റെ ഇന്ത്യ.... ...................................................................................................39
ഇലക്ട്രോ നെഗറ്റിവിറ്റി.......................................... ..............................................,.........40
അറിയപ്പെടാത്തതിലേക്കുള്ള യാത്രയാണ് ഈ ജീവിതം... ..........................................................40
**ചിത്രാഞ്ജലി** ........................................... .................................................................41
**ചലനങ്ങൾ, ചാലക ശക്തികൾ.** .................. ..................................................................49

## മുഖക്കുറിപ്പ്



പ്രിയ കൂട്ടുകാരെ
ക്ഷരമില്ലാത്തതാണ് അക്ഷരം.
അത് അഗ്നി പോലെ മനസ്സിൽ പടരുന്നു.
കാലത്തെ അതിജീവിക്കുന്നതാണ് സാഹിത്യം.
ഈ ഡിജിറ്റൽ മാഗസിൻ ഇത്തരത്തിൽ ഒരു പുതിയ കാൽവെപ്പാണ്.
സൈബർ മാധ്യമമായത് കൊണ്ട് തന്നെ പരിസ്ഥിതി സൗഹൃദവും.
അച്ചടി മാധ്യമങ്ങളുടെ കാലത്ത് നിന്ന് ലോകം
വളരെയേറെ മുന്നേറിയിരിക്കുന്നു.
ഇന്ന് അക്ഷരങ്ങൾ മുദ്രണം ചെയ്യാൻ വനം വെട്ടി നശിപ്പിക്കേണ്ടതില്ല.
ആ അർത്ഥത്തിൽ പ്രകൃതിയോട് ഏറ്റവും അടുത്ത് നിൽക്കുന്നതാണ്
ഡിജിറ്റൽ മാഗസിനുകൾ.
ഇവിടെ ജ്വലിക്കുന്ന കനലുകൾ നാളെ ലോകമറിയുന്ന അഗ്നിയാവട്ടെ.
എപ്പോഴും എങ്ങനെയും ഏത് രൂപത്തിലും
ആവിഷ്ക്കരിക്കാൻ സാധിക്കുന്നവയാണ് ഡിജിറ്റൽ പതിപ്പുകൾ.
അത് കൊണ്ട് തന്നെ അത് കാലാതിവർത്തിയായിരിക്കുകയും ചെയ്യും.
ഈ മാഗസിൻ നവലോകത്തിലേക്കുള്ള വാതിലാകട്ടെ!
ലിറ്റിൽ കൈറ്റ്സ് ക്ലബ്ബംഗങ്ങൾക്കും
നേതൃത്വം വഹിച്ച അധ്യാപകർക്കും ഭാവുകങ്ങൾ.

– വി.പ്രസീദ
ചീഫ് എഡിറ്റർ & ഹെഡ് മിസ്ട്രസ്
ജി.എച്ച്.എസ്.എസ് ഒതുക്കുങ്ങൽ


# പാത്തുമ്മയുടെ ആട്ടും മാനവികതയും

ഷാജി വെള്ളത്തൂർ (HST മലയാളം)



"മനുഷ്യൻ, മനുഷ്യൻ ഞാ–
നെന്നിൽ നിന്നാരംഭിപ്പൂ
മഹത്താം പ്രപഞ്ചത്തിൻ
ഭാസുര സങ്കൽപങ്ങൾ !"
– വയലാർ

മനുഷ്യ മനസ്സിന്റെ മഹത്വം ഉറക്കെ പ്രഖ്യാപിക്കുന്നവരാണ് ബഷീറിന്റെ കഥാപാത്രങ്ങൾ. ജാതിക്കും മതത്തിനും ഭാഷക്കും ഭൂപ്രദേശത്തിനുമപ്പുറത്ത് മനുഷ്യരെ മനുഷ്യരായി കാണുന്നവരാണവർ. ദൈവത്തിൽ വിശ്വസിക്കുമ്പോഴും തന്റെ ദൈവം മാത്രമാണ് ശരിയെന്ന് അദ്ദേഹം കരുതുന്നില്ല അദ്ദേഹത്തിന്റെ ലോകത്തിൽ മനുഷ്യർക്ക് മാത്രമല്ല സകല ചരാചരങ്ങൾക്കും സ്ഥാനമുണ്ട്. എല്ലാവരും ഭൂമിയുടെ അവകാശികളാണെന്ന പ്രഖ്യാപനത്തിൽ ആ ദർശനം ഉൾച്ചേർന്നിരിക്കുന്നു.





തന്റെ വീടും പരിസരവും ആണ് 'പാത്തുമ്മയുടെ ആടി'ന്റെ പശ്ചാത്തലം. അതിൽ മാനുംമനുഷ്യരുമുണ്ട്. പുരുഷന്മാരേക്കാൾ ജീവിതത്തെ മുന്നോട്ട് നയിക്കുന്നത് സ്ത്രീകളാണ്. ബഷീറിൻറെ കുട്ടിക്കാലത്ത് അദ്ദേഹത്തിന്റെ ഉമ്മക്ക് പിടിപെട്ട അസുഖത്തെ തുടർന്ന് അദ്ദേഹം പരിസരത്തെ സ്ത്രീകളുടെ മുല കുടിച്ചാണ് വളർന്നത്. അതിൽ വീട്ടുവേലക്ക് വന്നിരുന്ന നങ്ങേലിയും ഉണ്ടായിരുന്നു. മതേതരത്വം, മതനിരപേക്ഷത, മതസൗഹാർദ്ദം എന്നീ തേയ്മാനം വന്ന വാക്കുകൾ സജീവമല്ലാതിരുന്ന കാലത്ത് മനുഷ്യന് കാര്യമായ വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. ആധുനിക വിദ്യാഭ്യാസം പക്ഷേ നമ്മുടെ വളർച്ചയെ കീഴ്പോട്ടാണോ നയിച്ചതെന്ന് സമകാലിക സാമൂഹ്യ വികാസങ്ങൾ നമ്മെ സംശയിപ്പിക്കുന്നു.

ബഷീർ വീട്ടുവളപ്പിൽ നട്ട ചാമ്പ മരം സഹപാഠിയായ മാത്തന്റെ വീട്ടിൽനിന്ന് കൊണ്ടുവന്നതാണ്. അവനാകട്ടെ ജാക്കോബിയറ്റ് ക്രിസ്ത്യാനി കുടുംബത്തിലെ അംഗമാണ്. ഇത്തരം സൗഹൃദ സൂചനകൾ നോവലിലുടനീളം കാണാം. യഥാർത്ഥത്തിൽ ജീർണ്ണിച്ചു കൊണ്ടിരിക്കുന്ന ഭാഷ തന്നെയാണ് സാംസ്കാരികമായ ജീർണ്ണത. ഭാഷയ്ക്കുള്ളിൽ മറ്റൊരു ഭാഷ സൃഷ്ടിച്ചുകൊണ്ടാണ് എഴുത്തുകാരൻ സാംസ്കാരിക ജീർണതയെ മറികടക്കുന്നത്. ബഷീറും ഒ.വി വിജയനും സക്കറിയയും സാറാ ജോസഫുമൊക്കെ പുതിയ ഭാഷ സൃഷ്ടിച്ച് ഈ പ്രതിസന്ധിയെ മറികടന്നവരാണ്.

ഒരു സമൂഹം ദുഷിച്ച് കൊണ്ടിരിക്കുമ്പോൾ ആ സമൂഹത്തിലെ ആളുകൾ തന്നെയാണ് അതിനെ നവീകരിക്കാൻ അവതരിക്കാറുള്ളത്. സ്വസമൂഹത്തിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് തന്നെയാണ് ബഷീർ അത് സാധിച്ചത്. 'വെളിച്ചത്തിനെന്തൊരു വെളിച്ചം' എന്ന് കുഞ്ഞു പാത്തുമ്മയ്ക്ക് ("ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് ') തോന്നിയതും അതിനാലാണ്. ജീർണിച്ച നായർ തറവാടുകളെ തകർക്കാൻ എം. ടി.ക്കും 'നമ്പൂതിരിയെ മനുഷ്യനാ'ക്കിയ വി.ടി.ക്കും ശക്തി നൽകിയത് അതേ തെളിച്ചം തന്നെയാണ്.

പാത്തുമ്മയുടെ ആടിലെ കുട്ടികൾ മനുഷ്യരോട് മാത്രമല്ല കൂട്ടുകൂടുന്നത്. ആ സൗഹൃദത്തിൽ ആട്ടിൻകുട്ടികളുണ്ട്, കോഴികളുണ്ട്, കിളികളുണ്ട്, പുഴവെള്ളമുണ്ട്, ആവാസ വ്യവസ്ഥയുടെ സാകല്യമുണ്ട്. ഈയൊരു സാഹചര്യമാണ് ബഷീറിനെയും ഒരു വിശ്വ മാനവ തലത്തിലേക്കുയർത്തിയത്.

'അനൽ ഹഖ് ' എന്ന സൂഫി വചനവും 'തത്വമസി' എന്ന ഭാരതീയ സങ്കൽപവും നോവലിന്റെ



ശക്തമായ അന്തർധാരയായി ഭവിച്ചിരിക്കുന്നു. മാനുഷ്യകത്തിന്റെ ശക്തി പ്രവാഹമാണ് ബഷീറിയൻ സാഹിത്യം. സങ്കുചിത ചിന്തകളും പ്രവർത്തനങ്ങളും കൊണ്ട് വിഷലിപ്തമായ ഇന്നിനെ മോചിപ്പിക്കാനുള്ള എല്ലാ ചിന്തകളും അന്നേ പകർന്ന് വെച്ച മഹാനായ മനുഷ്യസ്നേഹിക്ക് അക്ഷരാദരങ്ങൾ.

# ലിറ്റിൽ കൈറ്റ്സ്

കുഞ്ഞിമുഹമ്മദ് NM
HST Arabic

സാങ്കേതികവിദ്യ ഇന്ന് ജീവിതത്തിലെ അവിഭാജ്യ ഘടകമായിരിക്കുന്നു. ജീവിതത്തിലെ സമസ്ത മേഖലകളിലും ഏതെങ്കിലും ഒരു തരത്തിൽ സാങ്കേതികവിദ്യയുടെ സ്പർഷം പ്രകടമാണ് . നമ്മുടെ വിദ്യാലയങ്ങളും ഇന്ന് വിദ്യാഭ്യാസ സാങ്കേതിക രംഗത്ത് വലിയ മുന്നേറ്റമാണ്

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നടത്തിക്കൊണ്ടിരിക്കുന്നത്. വിദ്യാലയങ്ങൾ ഹൈടെക് സംവിധാനത്തിലേക്ക് മാറുമ്പോൾ അവയുടെ ശരിയായ പരിപാലനത്തിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനവും ഫലപ്രദമായി വർധിപ്പിക്കേണ്ടത് അനിവാര്യമാണ്. ഇത് സാക്ഷാത്കരിക്കുന്നതിനുവേണ്ടി സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു വിഭാഗം വിദ്യാർത്ഥികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കുന്നതിന് വേണ്ടി ആരംഭിച്ചതാണ് ലിറ്റിൽ കൈറ്റ്സ്. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ അഥവാ KITEന് കീഴിൽ 2018 ജനുവരി 22ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഇതിന്റെ ഉദ്ഘാടനം നിർവഹിച്ചു.

വിദ്യാലയ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ദൈനംദിന പഠനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സാങ്കേതിക സൗകര്യങ്ങളുടെ പ്രയോഗത്തിലും വിദ്യാർത്ഥികൾ കൂടി സമുചിതമായി പങ്കാളികളാകുന്നത് ആ പ്രവർത്തനങ്ങളുടെ ഫലപ്രദവും വിജയകരമായ നടത്തിപ്പിന് അനുപേക്ഷ ണീയമാണ്. ഹൈടെക് സംവിധാനത്തിൽ പഠനപ്രവർത്തനങ്ങൾ കൂടുതൽ സാങ്കേതികധിഷ്ഠിതം ആകുന്നതോടെ അധ്യാപകർക്കൊപ്പം ഇക്കാര്യത്തിൽ വിദ്യാർത്ഥികളും പങ്കാളികളാകുന്നത് ഉചിതമായിരിക്കും.

അത് സാധ്യമാകണമെങ്കിൽ ഉപകരണങ്ങളുടെ സജ്ജീകരണത്തിലും വിഭവങ്ങളുടെ നിർമാണത്തിലും സാങ്കേതിക വൈദഗ്ധ്യമുള്ള ഒരുസംഘം വിദ്യാലയത്തിൽ നിന്ന് തന്നെ ഉയർന്ന് വരേണ്ടതുണ്ട്. കേരളത്തിലെ പുതിയ തലമുറയിൽ വലിയ ഒരു വിഭാഗം

വിവരവിനിമയ ഉപകരണങ്ങൾ ഉപയോഗിക്കുന്നവരാണെങ്കിൽ താല്പര്യമുള്ളവരെ പ്രത്യേക പരിശോധനയിലൂടെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ് ലിറ്റിൽ കൈറ്റ്സ് ചെയ്യുന്നത്

**പ്രധാന ലക്ഷ്യങ്ങൾ**

വിവരവിനിമയ സാങ്കേതിക വിദ്യ ആഴത്തിലും പരപ്പിലും സ്വായത്തമാക്കാനുള്ള സാഹചര്യം ഒരുക്കുക, വിദ്യാലയത്തിലെ സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗവും പരിപാലനവും കാര്യക്ഷമമാക്കുന്നതിൽ വിദ്യാർത്ഥികളെ പങ്കാളികളാകുക, പഠനപ്രവർത്തനങ്ങളുടെ മികവ് കൂട്ടുക ഉപകരണങ്ങൾക്ക് ഉണ്ടാകാവുന്ന ചെറിയ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാപ്തരാക്കുക, സുരക്ഷിതവും മാന്യവുമായ ഇൻറർനെറ്റ് ഉപയോഗം സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ച് ബോധവാന്മാരാക്കുക, ഭാഷാ കമ്പ്യൂട്ടിംഗ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ അവസരം ലഭ്യമാക്കുക , പുതുതലമുറ സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പെടാനും അവ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും അവസരങ്ങൾ സൃഷ്ടിക്കുക, സ്കൂൾ വിക്കി ഐടി മേള, വിക്ടേഴ്സ് ചാനൽ പരിപാടികൾ തുടങ്ങിയവയിൽ പങ്കാളിത്തം ഉറപ്പുവരുത്തുക മുതലായവയാണ് പ്രധാനമായും ലക്ഷ്യം വെക്കുന്നത്.

കൈറ്റ് നിർദ്ദേശിക്കുന്ന മൊഡ്യൂൾ പ്രകാരം മാസത്തിൽ നാല് മണിക്കൂർ പരിശീലനവും സ്കൂൾ സബ്ജില്ല ജില്ലാതല ക്യാമ്പുകളും വിദ്യാർത്ഥിക ളുടെ പരിശീലനത്തിനു വേണ്ടി നടക്കുന്നു. സ്കൂൾതല പരിശീലനങ്ങ ളിൽ പങ്കാളിത്തം, പ്രവർത്തന മികവ്, ക്യാമ്പുകളിലെ പങ്കാളിത്തം, അസൈൻ മെൻറ് പൂർത്തീകരണം, പ്രോജക്ടുക ളുടെ പൂർത്തീകരണം എന്നിവയിലെ മൂല്യ നിർണയത്തിന്റെ അടിസ്ഥാനത്തിൽ അംഗങ്ങൾക്ക് പ്രത്യേക ഗ്രേഡ് നൽകുന്നു.

ഭാഷാകമ്പ്യൂട്ടിങ് സങ്കേതങ്ങൾ, ഗ്രാഫിക്സ്, മൾട്ടിമീഡിയ സോഫ്റ്റ് വെയറുകളും അവയുടെ നിർമ്മാ ണങ്ങളും, ഡോക്യുമെന്റേഷൻ, ആനിമേഷൻ, ഇലക്ട്രോണിക്സ്, പ്രോഗ്രാമിംഗ്, മൊബൈൽ ആപ്പ് നിർമാണം  തുടങ്ങിയവയാണ് പരിശീലനത്തിന് ഭാഗമായി നടക്കുന്നത്.

മാനുഷിക മൂല്യങ്ങൾക്കൊപ്പം സാങ്കേതികവിദ്യയിലും മികച്ച നിലവാരം പുലർത്തുന്ന വിദ്യാലയത്തിനും സമൂഹത്തിനും താങ്ങാകുന്ന ഒരു തലമുറ വളർന്ന് വരാൻ ഈ സംരംഭം സഹായകരമാകുമെന്ന്  പ്രത്യാശിക്കാം.

# ابتسم للدنيا



محمد كوتي سي في (مدرس اللغة العربية)

الدنيا كالمرأة !

ابتسم لها تبتسم لك!

مؤكد; لن يرتفع سعر الابتسام، ولن تنخفض قيمته!

ابتسم الآ ن ، فقد لا تقدر على ذلك غدا!

الابتسامة تضيئ العقل وتدفئ القلب!

إذالم تستطع أن تبتسم فحاول أن تقلد الذين يفعلون ذلك !

من يبستم للناس،لا يلتفتون الى ملابسه القديمة!

اذا كان قلبك باسما، ظهر ذلك على وجهك!

أنت تحتاج إلى تحريك ٢٦ عضلة لكي تبتسم و ٢٦عضلة لكي تتجهم!

(ابتسام ) كلمة أولها أب وآخرها أم



# نپا

خوشیوں پہ کالا بادل بچھادی یہ خوفناک نپا
خوابوں پہ تالا لگادی یہ ہول ناک نپا
ہجوں کو شمشان میں بدل دی ڈراونی نپا
حکمرانوں کو عجیب خوف میں بدل دی نپا
محکمہ صحت نے ذمہیدار قراردی چمگادڑ پہ
ڈاکٹروں نے حکم دی ہوشیاری برتنے پہ
تاکیدی دی چھوٹا پھل پھلاری کھانے سے
روک دی فوراآپسی صحبت اور ملن سے
پابندی لگادی محفلوں اور تہواروں کو
دیکھ ریکھ کردی چند افراد اور خاندانوں کو
جلسے منعقد کردی زیرِ صدارت کلکٹروں کی
بحث جاری کردی ڈاکٹر اور عہدداروں کی
ساری سہولتیں مہیا کرادی قابو لانے پر
ساری دوائیں مہیا کرادی قابو لانے پر
اے صمد جلدی اس بحران سے نجات مانگ
خداتعلی اسے ان کی مغفرت کی دعامانگ

عبدوالصمد۔این،جی،اچ،ایس،او،کے،ایل

*पदसूर्य से कविता सूचन और लेखन* ***कार्य*** *।*



मेरीना ऐम.जे
जि. ऐच. ऐस. ऐस ओतुक्कुङ्ङल

लेखन कार्य

# *प्रकृति की रक्षा; हमारी सुरक्षा*

प्रकृति हमारी माँ है, पशु पक्षी हमारे सहचर भी। हमारी माँ जैसी प्रकृती हमें अपने-बेटों के समान समझकर सब देती है। फिर भी हम अनकी सर्वनाश कर रहे हैं। यह हमारी स्वार्थ- पूर्ति केलिए है। हम अपनी स्वार्थ- पूर्ति केलिए प्रकृति से अनियंत्रित हस्तक्षेप कर रहे हैं। यह हम मानव का नाश बुला लाएगा । हम जंगल का नाश करते हैं लेकिन जंगल हमारा पुराना घर है। वहाँ हमें सँस देने वाले, फल फूल देनेवाले और छाया देनेवाले पेड-पौधे हैं। मधुर गीत सुनाने वाले चिडियाँ और पक्षी हैं। हम नाले-नादियाँ तालाब, सागर, सब हमारे कुड-कचरे से भरते हैं। वहाँ भी इमारे प्यास बुझाने वाले पानी और पानी में मछलीयाँ भी हैं। फिर भी हमें उसे नाश कर रहे हैं। यह ठीक नही है, इसलिए हमें प्रकृति की रक्षा करना है।

कविता

# प्रकृति माँ

प्रकृति माँ हम सब की माँ
पशु- पक्षी हम सब के सहचर ।
सूरज-पिता हम सब के पिता
पेड-पौधे हमारा साँस और छाया ।
ऋतएँ हमारा वरदान हैं ।
इसमें वसंत राजा है...।
ग्रीष्म और शिशिर सर्दी है,
वर्षा से पानी मिलता है।

नदि-नाले ,तालाब और सागर,
इन सब संभल रखना है...।
जंगल नहीं काटना है वह...
हमारा पुराना घर ही है ।

फल-फूल सब देनेवाले पेड-
हमारा अन्न-दाता है...।
इन सब की रक्षा हमारी सुरक्षा,
इन सब का नाश हमारा सर्वनाश ।

इसलिए सब मानव स्वार्थ-छोडॊ,
निस्वार्थ सॊवा से जीवन बिताऒ
प्रदूषण से प्रकृति कॊ बचाओ,
हम ही हम सबकॊ बचाऒ...।

# കാവ്യഗീതി

# സ്നേഹിതൻ



ജുമാന ജാസ്മിൻ കെ **9 E**



അന്ന്
നീയെൻ ഹൃദയത്തിൽ
സ്നേഹത്തിൻ വിത്ത് വിതക്കവെ
സ്നേഹം മഴയായ്
ഞാൻ ഒരു മരമായ്

ശിഖരങ്ങളുടെ മുകളിൽ
പക്ഷികൾ കൂടണഞ്ഞു
കാറ്റിനോടവർ കിന്നാരമോതി
പൂവുകൾ താരങ്ങളോടൊപ്പം
നൃത്തച്ചുവടുകളാടി
ആ സൗന്ദര്യ ലഹരിയിൽ
ഞാൻ പൂണ്ട് നിന്നുപോയി

ഇന്ന്
നീയെൻ നഷ്ടസ്വപ്നങ്ങളിൽ
മധുരിക്കും ഓർമ്മയായി
നുകർന്നും പകർന്നും
നീയും ഞാനും നമ്മൾ രണ്ടും
ചിറകറ്റ വീണ പോയി
അങ്ങനെ നീയെൻ
വെറും സ്വപ്നമായി
നീയെന്നുള്ളിൽ അലിഞ്ഞു
ചേർന്നിരുന്ന എൻ
പ്രിയ സ്നേഹിതാ.....

# BED IN SUMMER



In winter I get up at night
And dress by yellow candle light
In summer, quit the other way
I just go to bed cursing the day

I have to go to bed and see
The birds still hopping on the tree,
Or hear the grown ups' feet
Still going pass me in the street

And does it not seem hard to you,
When all the sky is clear and blue
And I would love so much to play,
Then happily would I end my day.

**Sajna 9 I**

# ഒരു പ്രണയത്തിന്റെ ഓർമ്മയ്ക്ക്

**നദ ഫാത്തിമ എം. കെ (10 J)**



മഴ മഴ പുതുമഴ
എൻ മനസിൽ തോരാമഴ
ഞാൻ പാടും പാട്ടിൻ രാഗമായ് നീ
ഞാൻ മൂളും രാഗത്തിൻ താളലയമായ് നീ
ഒന്നും പറയാതെ നീ പോയ് മറഞ്ഞു
എല്ലാം അറിയാതെ ഞാനറിഞ്ഞു
ഇനിയുമുണ്ട് പറയാത്ത വാക്കുകളും
പാടാത്ത പാട്ടുകളും
എന്നും ഞാൻ തേടും കുളിർതെന്നലേ
അറിയാതെ കളിപറയും മണിത്തെന്നലേ
കാത്തിരിപ്പുണ്ട് എൻ പ്രിയ അങ്കണത്തിൽ
നമ്മുടെ വിദ്യാലയ അങ്കണത്തിൽ
രാവ് അണയും മുമ്പേ നീ വന്നണഞ്ഞാൽ
പാടണം നീ കൊതിച്ച വരികൾ
എൻ ജീവിത അനശ്വര പ്രണയഗാനം .

# FIRST SHOWER

*Shibli KK 8D*

As I return from my work place
Cool drops kissed my parched face
Soon the first shower caught me un a wares
And soaked me, soothing my frayed nerves-
The weary lines did it promptly earse-
Of day long heat and fatigue from my visage
Wet clothes clung to my body like an infant
To its mother's bosom; unsteady my gait
The dusty trees stood bather in an infant
Dressed in washed green looked magnificent
The scented earth resplendent in clambered glory-
Sucked in dust giving respite to the travellers weary-
To thank the rain God I looked up in the sky-
More drops drenched me on the sky
Marvelling at this wonderful gift of nature-
I hurried home wading through the gurgling water

# MOTHER



*JASLA KP 9 E*

Mother is a world
'Mother' this word
So sacred in the whole world
Mother is a best person
And perfect one



Mother gives us birth
She protects me all times
Mother is a role model
She takes our life
It makes me happy

Mother is like an angel
She solves every matters
Mother is better than
Others and others

Mother is my first teacher
She is a doctor
And she is the nurse
She is the one who does things well.

# My lovely parents



**Linsha TC 9 D**

Did you ever walked with hold-
Your fathers hand......?
Did you ever slept in your-
Mother's lap......?
That is a greatest feel for me.....!

My parents,
Lamp in my heart....
My own guide light....

I thank to god for giving me-
A father like him...
My mother,the greatest gift -
Given by god...
They are not only my parents.....!
But my friends,my god,my all...

Their happiness is my happiness...!
Still,I am like the small baby of them....
The same naughty,breaking,Jokes.....
No changes...!
A control less life...!

I can be the best daughter in the world.....
Because.....
You are the best parents in the world.

# വിതുമ്പുന്ന തുള്ളികൾ

ജസ്‌ല കെ.പി. 9 E

മഴയെ, നീ പെയ്തൊഴിഞ്ഞ തുള്ളികൾ
എന്റെ നിനവിലെ കണ്ണീരാകവേ
എൻ കുളിരായ് നിൻ തുള്ളികൾ
എൻ ഹൃദയത്തെ സ്പർശിച്ചു.

എന്നിലെ മൂകമായ വേദനയിൽ ലയിച്ച്
കണ്ണീരു തുകിയത് നീയായിരുന്നു.
എന്നോടൊപ്പം കരഞ്ഞ ആ നാളുകൾ
എന്റെ മനസ്സിനെ കുളിരണിയിച്ചു.

വിതുമ്പാൻ കഴിയാതെപോൽ തൊണ്ടയിൽ
മൗനം മാത്രമായെങ്കിലും
ആർത്തുലഞ്ഞു പെയ്തു വീണ നിൻ തുള്ളികൾ...
മണ്ണിന്റെ മാറിൽ നനവായ്

നിൽക്കുമോ തുള്ളികളെന്നും,
ആർദ്രതയേറിയതായിരുന്നെൻ നഷ്ട നൊമ്പരം..
ജീവിതമെന്ന ഈ മൂന്നക്ഷര ലോകത്ത്
ഞാനെന്ന നിഴൽ തനിച്ചായ പോൽ....

# MIRROR, MIRROR

SHAHLA SHERI 9 I



Mirror, mirror
Don't display my eyes,
Don't display my hair,
Don't display my teeth.

Mirror, mirror
Display my courage
Display my knowledge
Display my voyage
Display my message
Display my passage

# ബാക്കി എന്ത്

ജുമാന ജാസ്മിൻ കെ 9 E



നാളത്തെ തലമുറക്കുവേണ്ടി
നാം ഭൂമിയിലെന്ത് ബാക്കി വെച്ചു
വയലും പുഴകളും മലനിരകളും
ഇന്നെവിടെപ്പോയി മറഞ്ഞു

ജീവജാലങ്ങളും പ്രകൃതിയും
ഒരു തുള്ളി പ്രാണനായി
താണു കേണു വണങ്ങുന്നു.
പിന്നെ അവസാന ശ്വാസവുമായി
കൺമുന്നിൽ പിടയുന്നു

നാളത്തെ തലമുറക്കു വേണ്ടി
നാം ഭൂമിയിൽ എന്ത് ബാക്കി വെച്ചു






**ഷിംന ഷെറിൻ 9 I**

മഴ, എന്റെ ജീവൻ തളിരിട്ട ഓർമ്മകളിൽ
മഴനാര് മണിമഞ്ചൽ നെയ്യുൻ മനസ്സാന്തരത്തിൽ
തണുത്ത കാറ്റായ് കുളിരായ് ഊർന്നിറങ്ങുമ്പോൾ,
ഹൃദയം മഴനാരിനാൽ നെയ്തെടുത്ത ഒരു ചിത്രമായി
പതിയും മഴ,ഒറ്റയായും കെട്ടുപിണങ്ങിയും അടർന്നു
വിഴുന്ന മഴത്തുള്ളികളികളിൽ പഴമയുടെ ഓർമ്മ പുതുക്കുന്നു.
മൺ തടത്തിൽ മുത്തമിട്ടു അതിൽ അലഞ്ഞുചേരുമ്പോൾ
മഴത്തുള്ളിയുടെ കുളിരിൽ ചാഞ്ചാടുന്ന ഇലകൾ
നഷ്ടപ്പെടുമ്പോൾ മഴയിൽ ആനന്ദമാടുന്ന അമ്മക്കിളികൾ
ഇന്നുകളിൽ മഴയുടെ പുതുമയുണർത്തുന്നു
മഴ ദൈവത്തിന്റെയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും
പൊലിവാർന്ന സമ്മാനം.

**Shahla Sheri MT 9 I**



# HAPPINESS

So early it still almost dark out.
I'm near the window with coffee,
And the usual early morning stuff
That passes for thought

When I see the boy and his friend
Walked up the road
To deliver the newspaper.

They wear caps and sweaters
And one boy has bag over his shoulders.
They are so happy

It's early in the morning,
And they are doing this thing together.

They come on slowly.
The sky is taking on light,
Though the moon still hangs pale over water
Such beauty that for a minute.

# I Wrote Myself a Letter

I wrote myself a letter
I mailed it right away
And,sure enough the carries
Delivered it today.

I couldn't wait to get it
I nearly had to shout.
I quickly tore the envelop
And pulled the letter out

I anxiously unfolded it
But now I must concede,
I'm clueless as to what it says.
I haven't learned to read




ഭൂമിതൻ മാറിൽ
രക്തച്ചുവയുള്ള കണ്ണുനീർ
കുത്തിയൊലിച്ചു പോകുന്ന-
പാന്ഥരുടെ പാഥേയമീ മഴ.
തിളയുടെ  നേർത്ത
വ്രണങ്ങളെയുണക്കുമീ മഴ.

രാത്രിയുടെ യാമത്തിലെ
പാപക്കറകളുടെ മുകളിലീ മഴ
വറ്റിവരണ്ട പാടമൊട്ടുവിൽ -
കാത്തിരുന്നു കിടന്നു കിട്ടിയ മഴ
ഒടുവിൽ ഒരു ജ്വാലയായ്
താണ്ഡവമാടീ ഭൂമിതൻ മാറിലവൾ.

*ഫാത്തിമത്ത് ഹന്ന കെ.സി 8 D*

# Sing, Little birdie



Sing,little birdie,sing...
on topmost branches high;
And when the spreading thy airy wing
Let not the sweat notes die.......

But longer ,louder be,
until the echoes ring
That hide away where none may see,
But only hear them sing ....

Me thinks that I could slay....
Forever with thee here
And list they strain the livelong day,
Forgetting sorrow's deep ....

SAJNA TC 9 I

# നിശാശലഭം

പാതിരാ,പുസ്തകത്താളിലിരിക്കുന്ന
പാതിയുറങ്ങി നിശാശലഭം.
പേജു മറിക്കാതെ ഞാനിരിപ്പാണതു,
പേടിച്ചു പാറി അകലുമല്ലോ.
ജനൽപ്പടിന്മേൽ വെളുത്തപൂവൊന്നു വെ-
ച്ചെന്നെ വിളിക്കുകയാണ് മുല്ല്.
ആകെത്തണുത്ത വിവൃകത,ഞാനെ-
ന്റെ ലോകത്തിലേകയായോരത്തിരിക്കെ.
കട്ടിയിരുട്ടിൻ കഠിന നിശ്ശബ്ദത,
പൊട്ടിരളിന്നതിളക്കിമാറ്റി.
ഒറ്റക്കുപാതിരാപ്പൂക്കുയിൽ പെട്ടെന്നു,
പെട്ടെന്നു കൂകിത്തുടങ്ങിയുച്ചം!
ചില്ലുടയും പോൽ ഇരുട്ടടഞ്ഞു,
ചുറ്റുമെല്ലാം ഉണർന്നു! ചലനമ-
രന്നു.പുസ്തകത്താളിലനങ്ങാ-
തിരുന്നൊരാ ചിത്രശലഭം തപസ്സുണർന്നു.
ഒന്നുയർന്നെന്തോ നിനച്ചുപൊടുന്നനെ,
വന്ന വഴിക്കു പറന്നകന്നു!
അപ്പഴേ പാട്ട് നിർത്തി കുയിൽ;രാവു-
ചുറ്റിലും നിശ്ശബ്ദമായി വീണ്ടും.
കട്ടിയിരുട്ടിൻ കനം പൊതിഞ്ഞു കാവ്യ-
പുസ്തകം താനേയുലഞ്ഞടഞ്ഞു...
എൻ മടിത്തട്ടിലിരുന്നുറങ്ങിപ്പോയ,
കുഞ്ഞിച്ചിറകിനായി മാത്രമല്ലോ.
പോകുക വേഗം! ചതിക്കുമിവരെന്നു,
പേടിയാക്കീടവാർ മാത്രമല്ലോ.
പാതിരാവിൻ കുയിലേ,വിളിച്ചു നീ
പാടിയതെന്നു ഞാൻ ശകകൊൾവൂ...

**മിൻഹ. പി 8 A**

# My Mother's Love

I Love you my mother
My sweet mother
I can understand her shadow
I can understand her love

My mother…
You are the gift of my God
I can understand you
You are the light of our home
You are my best friend

I request you all
Love your mother
Respect your mother
Appreciate mother's love

**Jisma Poonthiruthi 8 J**

# കഥാപ്രപഞ്ചം

# ഡയമണ്ട് നെക്ലസ്

*ജുമാന ജാസ്മിൻ കെ 9 E*

ഒരിടത്ത് ലളിതജീവിതം നയിച്ചിരുന്നവർ ആയിരുന്നു ലൂസിഫയും ഭർത്താവ് ജോൺസനും. പക്ഷെ ലൂസിഫയുടെ മനസിൽ വളരെയധികം ആഡംബരത്തോടെ ഉള്ള ജീവിതമായിരുന്നു. ഒരിക്കൽ ആസിഫയുടെ കയ്യിൽ ഒരു ക്ഷണക്കത്ത് കിട്ടി. ഓഫീസിൽനിന്ന് ഭർത്താവ് കൊണ്ടുവന്നതായിരുന്നു അത്. എന്നാൽ ആ കത്ത് ലൂസിഫയെ സങ്കടപ്പെടുത്തി. കാരണം അവൾക്ക് പാർട്ടിക്ക് ആവശ്യമായ വസ്ത്രവും മറ്റും സ്വന്തമായി ഇല്ലായിരുന്നു. ഒരു തോക്ക് വാങ്ങാനായി സൂക്ഷിച്ചിരുന്ന തുക വസ്ത്രം വാങ്ങാൻ ഭർത്താവ് ലൂസിഫക്ക് നൽകി. കൂടാതെ ധനികയായ ദിയ തോംസണിന്റെ നെക്ലസ് കടം വാങ്ങി പാർട്ടിയിൽ ലൂസിഫയും ജോൺസണും സന്തോഷപൂർവ്വം പങ്കെടുത്തു.

വീട്ടിൽ തിരിച്ചെത്തി വസ്ത്രം മാറുന്നതിനു മുമ്പ് ഒരിക്കൽക്കൂടി ലൂസിഫ കണ്ണാടിക്കു മുമ്പിൽ നിന്നു. ഈശ്വരാ.... നെക്ലസ് നഷ്ടപ്പെട്ട യാഥാർത്ഥ്യം ലൂസിഫക്ക് താങ്ങാനായില്ല. വീട്ടിലെ മുക്ക് മൂലകൾ പരതിനോക്കി. ജോൺസൺ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ പരാതി നൽകി. സന്ധ്യയായി. ഭർത്താവ് പരാജിതനായി വീട്ടിൽ തിരിച്ചെത്തി. പിന്നീട് ഒരു ആഭരണ ശാലയിൽനിന്ന് നഷ്ടപ്പെട്ട പോയ നെക്ലസ് പോലെ ഒരു മാല അവർ സംഘടിപ്പിച്ചു ഇതിനുവേണ്ടി സ്വന്തം സ്വത്ത് വിൽക്കുകയും കിട്ടാവുന്നിടത്തുനിന്ന് കടം വാങ്ങുകയും ചെയ്തു. ഒരു ചെറിയ മുറിയിലേക്ക് താമസം മാറ്റിയ അവർ പത്തുവർഷത്തെ ദുരിതത്തിനു ശേഷം കടങ്ങളെല്ലാം വീട്ടി.

പിന്നീടൊരിക്കൽ ലൂസിഫയെ ദിയ തോംസൺ കാണാനിടയായി. എന്നാൽ അവർക്ക് ലൂസിഫയെ മനസ്സിലായിരുന്നില്ല. ലൂസിഫയാകട്ടെ സ്വന്തം ദുരിതത്തിനു മുഴുവൻ കാരണക്കാരി ആ സ്ത്രീ ആണെന്ന് പറഞ്ഞു. ദിയ തോംസൺ ലൂസിഫയുടെ കഥ മുഴുവൻ കേട്ട അവർക്ക് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല . കാരണം അവർ അന്ന് ലൂസിഫക്ക് കൊടുത്തത് ഒരു സാധാ നെക്ലസ് ആയിരുന്നു. ഡയമണ്ട് ആയിരുന്നില്ല.

# മാപ്പ് തരുമോ ഈ പാപിക്ക്

**ഷാന പി 9 I**

"ഓ ആ തള്ള ചത്തോ? മരണാനന്തര ചടങ്ങുകൾക്കുള്ള കാശ് എത്ര വേണ്ടി വരുമെന്ന് പറഞ്ഞാൽ മതി, ഞാനവിടെ എത്തിക്കാം". "സുഹാനാ, ആരാടീ ഫോണിൽ?". "അതാ വൃദ്ധസദനത്തിൽ നിന്നാ". "എന്താണ് പ്രോബ്ലം?".
"അത് ഉമ്മ ഇന്ന് ഉച്ചക്ക് മരിച്ചു പോലും" അവൾ അത് വളരെ കൂളായി പറഞ്ഞു. "എങ്ങനെ കഴിയുന്നു ഇത്ര കൂളായിട്ട് ഇത് പറയാൻ". "നോക്ക് മുംതാസ്, എന്റെ കാര്യത്തിൽ തല ഇടാൻ നീ വരേണ്ട".

ഇത് ഡോക്ടർ സുഹാന. അവളോടൊപ്പമുള്ളത് അവളുടെ കൂടെ വർക്ക് ചെയ്യുന്ന ഡോക്ടർ മുംതാസ്. ഇന്നത്തെ ഡ്യൂട്ടി കഴിഞ്ഞ് വീട്ടിലെത്തിയ സുഹാനക്ക് വൃദ്ധസദനത്തിൽ നിന്ന് ഒരു കൊറിയർ വന്നു. ഒരു ലെറ്റർ ആയിരുന്നു അത്. സുഹാന സോഫയിലിരുന്ന് അത് വായിക്കാൻ തുടങ്ങി.

"എന്റെ പ്രിയപ്പെട്ട സുഹാന മോൾക്ക്,

മോളെ, ഇത് ഞാനാണ് നിന്റെ ഉമ്മ ഷക്കീല. ഈ കത്ത് കയ്യിൽ കിട്ടുമ്പോൾ ഒരു പക്ഷേ ഞാൻ ഈ ലോകത്ത് ഉണ്ടായെന്നു വരില്ല. മോളേ, നിന്റെ ജീവിതത്തിൽ അറിയാത്ത ഒരു വലിയ രഹസ്യമുണ്ട്. അത് നീ അറിയണം. ഒരുപാട് വർഷങ്ങൾക്ക് മുമ്പുള്ള സംഭവമാണ്.

അന്ന് എനിക്ക് വയസ്സ് 25. സെയിൽസ്ഗേളായി ഒരു ടെക്സ്റ്റൈൽസിൽ ജോലി ചെയ്യുകയായിരുന്നു ഞാൻ. ഒരു ദിവസം ഏറെ വൈകിയായിരുന്നു ഞാൻ കടയിൽ നിന്ന് പുറപ്പെട്ടത്. ബസ്സിറങ്ങി ഒരു വിജനമായ സ്ഥലത്തൂടെ യാത്ര ചെയ്തു വേണം വീട്ടിലെത്താൻ. അതിലൂടെ തനിച്ച് അതും ഈ രാത്രി സമയത്ത് പോകാൻ നന്നേ പേടിച്ചിരുന്നു. പെട്ടെന്നാണ് ഒരു കുട്ടിയുടെ ശബ്ദം എന്റെ കാതിൽ മുഴങ്ങിയത്. ഞാൻ കാതോർത്തപ്പോൾ അത് ഒരു കുപ്പത്തൊട്ടിയിൽ നിന്നായിരുന്നു. ഞാൻ അതിനടുത്തേക്ക് ചെന്നപ്പോൾ ചോരയിൽ കുളിച്ച് കിടക്കുന്ന ഒരു പൊടിക്കുഞ്ഞിനെയാണ് കണ്ടത്. ആരാണ് ഈ പൈതലിനെ ഇവിടെ ഉപേക്ഷിച്ചു പോയത്, ചുറ്റും ആരുമില്ല. ആ കുഞ്ഞിനെ അവിടെ ഇട്ടേച്ച് പോകാൻ എനിക്ക് തോന്നിയില്ല. ആ കുഞ്ഞിനെ കൈകളിൽ എടുത്ത് നിലാവെളിച്ചത്തിൽ എന്റെ വീട്ടിലേക്ക് നടന്നു.

എനിക്ക് ഉമ്മയില്ല, ഉപ്പ മാത്രമേയുള്ളൂ. ഉമ്മ ചെറുപ്പത്തിലെ മരിച്ച് പോയതാ. ഒരു കൈകുഞ്ഞുമായി വീട്ടിലേക്ക് ചെന്ന എന്നെ കണ്ട് ഉപ്പ ഞെട്ടി. ഞാനുപ്പയോടെല്ലാം പറഞ്ഞു. ആ കുഞ്ഞിനെ കിട്ടിയ സ്ഥലത്ത് തന്നെ ഉപേക്ഷിക്കാൻ എന്നോട് പറഞ്ഞു. എനിക്കതിന് കഴിഞ്ഞില്ല. അവസാനം എന്റെ നിർബന്ധത്തിന് വഴങ്ങി അതിനെ വളർത്താൻ ഉപ്പക്ക് സമ്മതിക്കേണ്ടി വന്നു. പിന്നീട് ആ കുഞ്ഞിനു വേണ്ടി മാത്രമായി ഞാൻ ജീവിച്ചു. എനിക്ക് വന്ന വിവാഹങ്ങളെല്ലാം മുടങ്ങി. ഉമ്മയെ സ്വീകരിക്കാം, പക്ഷെ കുട്ടിയെ...... ഇതായിരുന്നു പലരും പറഞ്ഞത്. അപ്പോഴും ഉപ്പ ആ കുഞ്ഞിനെ ഉപേക്ഷിക്കാൻ പറഞ്ഞു. ഞാനത് ചെയ്തില്ല.

എന്നെ കൊണ്ടതിന് കഴിഞ്ഞില്ല. ഒരു പാട് കഷ്ടപ്പെട്ടാണ് അവളെ വളർത്തിയതും. അങ്ങനെ അവളെ അവളുടെ ആഗ്രഹം പോലെ ഡോക്ടർ ആക്കി. ചെറുപ്പം മുതലേ എന്നോടവൾ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്, ആരാണെന്റെ ഉപ്പ? എവിടെയാണുപ്പ? നിനക്ക് ഒരു വയസ്സാകും മുമ്പേ ഒരു ആക്സിഡന്റിൽ പെട്ട് മരിച്ച പോയി, ഞാനവളോട് അങ്ങനെയാണ് പറഞ്ഞിരുന്നത്. അവൾ ഒരു ഡോക്ടർ ആയപ്പോൾ ഞാനവൾക്കൊരു ഭാരമായി മാറി. എന്നെ അവൾ വൃദ്ധ സദനത്തിൽ കൊണ്ട് ചെന്നാക്കി. അവളുടെ ജീവിത പങ്കാളിയെ അവൾ തന്നെ കണ്ടെത്തി. അതും ഡോക്ടർ. കല്യാണത്തിനു പോലും അവൾ എന്നെ ക്ഷണിച്ചില്ല.

അന്നെനിക്ക് കുപ്പത്തൊട്ടിയിൽ നിന്നും ലഭിച്ച ചോരക്കുഞ്ഞാണ് ഇന്ന് ഡോക്ടർ സുഹാന എന്ന നീ എന്ന സത്യം നീ തിരിച്ചറിയണം, ഇനിയെങ്കിലും.

എന്ന്
ഉമ്മ
ഷക്കീല"

ഇത്രയും വായിച്ചപ്പോഴേക്കും സുഹാന പൊട്ടിക്കരഞ്ഞ് ഇരുന്നു അപ്പോൾ ഞാൻ.... എന്നെ നിങ്ങൾക്ക് കുപ്പത്തൊട്ടിയിൽ നിന്നും കിട്ടിയതാണോ? ഞാൻ നിങ്ങളുടെ മോളല്ലേ.... എന്നെ വളർത്താൻ വേണ്ടി നിങ്ങളുടെ ജീവിതം നശിപ്പിച്ചുവോ... ഒരു അനാഥയായി വളരേണ്ടവളായിരുന്നില്ലേ ഞാൻ എന്നോട് പൊറുക്കില്ലേ റബ്ബേ... ഞാനെന്തൊരു പാപിയാണ്.... എന്നെ വളർത്താൻ വേണ്ടി സ്വന്തം ജീവിതത്തെക്കുറിച്ച് ചിന്തിക്കാത്ത സ്നേഹത്തിൻ നിറകുടത്തെ ആണല്ലോ വൃദ്ധസദനനത്തിൽ തള്ളിയത്. വൈകിപ്പോയി. ഒരവസരംകൂടി തന്നിരുന്നെങ്കിൽ... എന്നോട് പൊറുക്കണം ആരോടെന്നില്ലാതെ പറഞ്ഞു കൊണ്ട് സുഹാന പൊട്ടിക്കരഞ്ഞു.

"എന്തുപറ്റി എന്തിനാണ് കരയുന്നത്?". "നിഹാൽ" സുഹാന അവളുടെ ഭർത്താവിനെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു. പാപിയാണ് ഞാൻ, ഈ മഹാപാപങ്ങൾ എവിടെ ഞാൻ കഴുകിക്കളയും. നീ ഇതെന്തൊക്കെയാണ് പറയുന്നത് സുഹാന അവളെ മാറ്റി കൊണ്ട് ചോദിച്ചു. അയാൾ ആ കത്ത് മുഴുവൻ വായിച്ചശേഷം പറഞ്ഞു, നമുക്ക് ഒരു സ്ഥലം വരെ പോകാം.

അവർ ചെന്നെത്തിയത് ആ ഉമ്മ നിത്യനിദ്ര കൊള്ളുന്ന പള്ളിക്കാട്ടിലേക്കായിരുന്നു. അവൾ ആ ഖബറിനരികിൽ മുട്ടുകുത്തിയിരുന്ന് പൊട്ടിക്കരഞ്ഞു. മാപ്പർഹിക്കുന്നില്ല എങ്കിലും ചോദിക്കുന്നു: മാപ്പ് തരുമോ ഈ പാപിക്ക്?

# The wise sparrow

**Fidha T 8 D**

A mother sparrow and her three young ones lived in a cozy nest in a wide field. One day there farmer visited the field and said ," the crop is ready , Tomorrow I will send my relatives to reap the crops".

The young ones got scared But the mother sparrow confirmed them. she said: we will stay here. "No one will come to reap the crop. The following day farmers relatives didn't turn up to help him. The farmer said, "Tomorrow my neighbors will come and reap the Corps. Again the mother sparrow comforted her young ones.

The next day the neighbors did not come to reap the crop. There farmer now said: Tomorrow I will reap the crop myself".

The mother sparrow said: "We must fly away to another seiner, immediately. The farmer is not depending on anyone now. The crop will certainly be reaped tomorrow". The mother sparrow and her young ones flew away to another field.

# Elephant And The Tailor

Fathima fidha. K  8  D

An elephant walked daily to the river to have a bath. On the way it always stopped at a tailoring shop. The tailor used to give the elephant a few bananas.
One day as usual the elephant stopped at the stop and put out its trunk for the bananas. The tailor poked the elephant's trunk with a needle. The elephant cried out and walked away to the river for its  bath.
The elephant did not forget what the tailor did. As it walked back after its bath, its stopped at the tailor's shop, lifted its trunk and splashed water all over the tailor and his shop.
Animals are our friends. We should not harm and tease them.

# Mouse And Frog

Shahla sherin 8D

A  mouse and a  frog were friends. Every morning  the frog would  hop out of his pond and go to  t his  friend who lived in a hole in the hide  of a tree to would return home at noon the mouse delighted in his friends company and were that the friend was slowly turning in to an enemy the reason? The frog  felt slighted  the mouse on his part hed never made an at tempt to visit him.

One day he felt he  had been  humiliated enough  when it was time for him  to take leave of  the mouse he tied one and of a string around his owmleg  tried the other end to the mound tail and away drying the helpless  Mouse behind him the frog dived deep in to the pond the mouse  tried to free him self but couldn't and soon drowned his bloated body flouted to the step

A hawk saw the mouse floating on the ponds surface he swooped down and grabbing the mouse in his tatons  flew  to the  branch of nearby tree the frog of course was nouled out of the water too he desperately tried to free him self  but couldn't and the hawk soon put and end to his struggles  slighted to  treat somebody rudely without  respect.

# അലിയുടെ ജീവിതം

അലി ഒരു പാവപ്പെട്ടവനായിരുന്നു. അവന് ഉപ്പ ഉണ്ടായിരുന്നില്ല. അവനെ വളർത്തിയിരുന്നത് അവന്റെ ഉമ്മയായിരുന്നു. അവന്റെ ഉപ്പ അവൻ ജനിക്കുന്നതിനു രണ്ട് മാസം മുമ്പാണ് മരിച്ചത്. അതിന്റെ സങ്കടം തീർക്കാൻ കഴിയാതിരിക്കുകയായിരുന്നപ്പോഴാണ് അലി ജനിച്ചത്. പക്ഷേ അവന്റെ സന്തോഷം നീണ്ടു നിന്നില്ല. അവൻ മൂന്ന് വയസ്സായപ്പോൾ അവന്റെ ഉമ്മയും മരിച്ചു. അവന് ആരും ഉണയില്ലാതായി. അവന്റെ എളാപ്പ അവനെ നോക്കാൻ തീരുമാനിച്ചു. അവന്റെ എളാപ്പ അവനെ സ്നേഹത്തോടെയും വാത്സല്യത്തോടെയും വളർത്തി. പക്ഷേ അവനെ എങ്ങനെയെങ്കിലും ഇവിടെ നിന്ന് പുറത്താണം എന്നായിരുന്നു എളാമയുടെ ആഗ്രഹം.

ഒരു ദിവസം അവന്റെ കൂട്ടുകാരൻ അൻവർ അവന്റെ വീട്ടിലെത്തി അവനെ വിളിച്ച് അവന്റെ ചെവിയിൽ ചോദിച്ചു, നീ കളിക്കാനുണ്ടോ എന്ന്. അവൻ പറഞ്ഞു: ഞാൻ ഉണ്ട്, നീ നടക്ക്, ഞാൻ വരാം. ഇതെല്ലാം എളാമ കാണുന്നുണ്ടായിരുന്നു. ഈ തക്കം നോക്കിയിരിക്കുകയായിരുന്ന എളാമ അലി അകത്തേക്കു വന്നപ്പോൾ എളാപ്പയുടെ മുന്നിൽ വെച്ച് എളാമ അവനോട് ചോദിച്ചു "അവനെന്താണു നിന്നോട് പറഞ്ഞത്". അലി പറഞ്ഞു "അവൻ എന്നെ കളിക്കാൻ വിളിച്ചതാണ് എളാമാ" എന്ന് അവൻ പല പ്രാവശ്യം പറഞ്ഞു. പക്ഷേ എളാമ പറഞ്ഞു "ഇത്രയും നിസാര കാര്യം ചെവിയിൽ പറയുന്നത് എന്തിന്. നീ ഞങ്ങളിൽ നിന്ന് എന്തോ മറക്കുന്നു". അപ്പോൾ അവൻ പറഞ്ഞു "ഇല്ല, ഞാൻ സത്യമാണു പറയുന്നത്. അവൻ എന്നോട് അത് തന്നെയാണു പറഞ്ഞത്". എത്ര പറഞ്ഞിട്ടും എളാമ പിൻമാറിയില്ല. ഇത് കേട്ട് എളാപ്പാക്കും സംശയം തോന്നി. എളാപ്പ അവനെ തല്ലി. അവനെ അവിടെ നിന്നും പുറത്താക്കി. എളാമക്ക് സന്തോഷമായി. പക്ഷേ അലി, അവൻ അലഞ്ഞു തിരിഞ്ഞ് അങ്ങാടിയിൽ ഒക്കെ നടക്കാൻതുടങ്ങി. അലിയുടെ ജീവിതം ഇരുട്ടിലായി.

"ഇങ്ങനെയുള്ള ജീവിതം പടച്ചവൻ ലോകത്ത് ഒരാൾക്കും നൽകാതിരിക്കട്ടേ."

**ഫാതിമ മുർശിദ. ടി 8 H**



# നനവാർന്ന ഓർമ്മകൾ

കടലിലെ തിരമാലകൾക്ക് മരണമില്ല. അതു പോലെ ഓർമ്മകൾക്കും. എത്ര മറക്കാൻ ശ്രമിച്ചാലും അത് നമ്മെ വേട്ടയാടിക്കൊണ്ടിരിക്കും. ഒരിക്കലും ഓർമ്മകളിൽ നിന്ന് ഒളിച്ചോടാൻ സാധിക്കില്ല. വർഷത്തിൽ ഒരു കൊടുങ്കാറ്റെന്ന പോലെ പാഞ്ഞെത്തും വസന്തത്തിൽ ഇളംകാറ്റിൽ സുഗന്ധം_വിരിയിക്കുന്ന, ശിശിരത്തിൽ തണുപ്പേറുന്ന പ്രഭാതത്തിന് ആശ്വാസമാകുന്ന ഓർമ്മകൾ. ഒരിക്കലും തിരിച്ചു കിട്ടാത്ത സ്നേഹത്തെക്കുറിച്ച്, വ്യക്തികളെക്കുറിച്ച്, പോയ കാലങ്ങളെ കുറിച്ചുള്ള ഒരുതരം നൊമ്പരമാണ് ഓർമ്മകൾ. സന്ധ്യാ സമയത്ത് സൂര്യൻ മായുമ്പോൾ ചന്ദ്രപൂർണമിയുടെ നിലാ വെളിച്ചം പോലെ പ്രകാശിക്കുന്ന ഓർമ്മകൾ. ഇല പൊഴിഞ്ഞു കൊണ്ടിരിക്കുന്ന പാതയിൽ നോക്കി വിതുമ്പുന്ന ഓർമ്മകൾ. ശേഷം അതു പതുക്കെ മാഞ്ഞുകൊണ്ടിരിക്കും.  ഒരു ഇളം കാറ്റിൽ അലയുന്ന ഭ്രാന്തമായ ഓർമ്മകളായി മാറുന്ന ഇരുളിൽ വീണ പ്രഭാതം പോലെ ..........

**രശ്മിക എം 9A**

# *Books*



Books are permanent store houses of knowledge and information . We can read and re-read books. Where as the TV and radio do not allow this to happen . Books open up our imagination . Books is our magic box. It gives us perfect views and ideas. Surely Book are an ideal thing.

**Jasna KP 9E**

# പ്ര തി ഭ ക ൾ

## രാമാനുജനും കണക്കും

ആധുനിക ഇന്ത്യ കണ്ട ഏറ്റവും പ്രഗത്ഭനായ ഗണിത ശാസ്ത്രജ്ഞനായിരുന്ന രാമാനുജൻ. തമിഴ്നാട്ടിലെ കുംഭകോണത്തിനടുത്തുള്ള ഈറോഡിൽ 1887ൽ ഡിസംബർ 22ന് ജനിച്ച അദ്ദേഹത്തിന്റെ 125-ാം ജന്മ ദിനാഘോഷത്തിലാണ് ഇന്ത്യ. ആ പ്രതിഭക്കുള്ള അംഗീകാരമായി ഡിസംബർ 22 ദേശിയ ഗണിത ശാസ്ത്ര ദിനമായി ആചരിക്കുന്നു. ദരിദ്ര കുടുബത്തിലെ ഒരു അംഗമായിരുന്നു അദ്ദേഹം. ഒരിക്കൽ സ്നേഹിതൻമാർ രാമനുജന്റെ വീട്ടിൽ ചെന്നപോൾ അദ്ദേഹം കട്ടിലിനടിയിൽ ഒളിഞ്ഞിരുന്ന് കണക്ക് ചെയ്യുകയായിരുന്നു. വീട്ടുകാർ ചീത്ത പറയുമെന്ന് പേടിച്ചായിരുന്നു അങ്ങനെ ചെയ്യുത്. കൂട്ടുകാർ ചോദിച്ചു, നിനക്ക് കടലാസിൽ കണക്ക് ചെയ്തു കൂടെ...എന്താണ് സ്ലേറ്റിൽ കണക്ക് ചെയ്യുന്നത്? അപ്പോൾ രാമാനുജൻ പറഞ്ഞു:-ഭക്ഷണത്തിനു പോലും പണമില്ലാത്ത എനിക്ക് കടലാസ് വാങ്ങാൻ എങ്ങനെ പണം?

**ഫാത്തിമ റിയ.കെ 9 C**

## ആർക്കിമെഡിസ്

(287 BC–212 BC)



ഗണിതശാസ്ത്രജ്ഞൻ, ഭൗതിക ശാസ്ത്ര ജ്ഞൻ, എഞ്ചിനിയർ, ജ്യോതി ശാസ്ത്രജ്ഞൻ, ഹൈഡ്രോസ്റ്റാറ്റിക്സ്, മെക്കാനിക്സ് എന്നീ വിഷയങ്ങളിൽ ധാരാളം സുപ്രധാന കണ്ടുപിടുത്തങ്ങൾ നടത്തിയ പുരാതന ഗ്രീക്ക് ഗണിത ശാസത്രജ്ഞൻ. അദ്ദേഹം π (pi) യുടെ വില നിർണയിക്കുകയും അതിന്റെ ഫലമായി വക്ര രൂപങ്ങളുടെ വിസ്തീർണ്ണവും വിവിധ ഖര വസ്തുക്കളുടെ വ്യാപ്തവും കണ്ടുപിടിക്കാൻ സാധിക്കുകയും ചെയ്തു. ആർക്കിമെഡിസ് തത്വം എന്ന സ്ഥാനചലനതത്വത്തിലൂടെ അദ്ദേഹം സുപ്രസിദ്ധനായി.

**മുഹമ്മദ് ശാമിൽ എം 9 C**

# സി ആർ.റാവു


ഗണിത ശാസത്രജ്ഞനും സ്ഥിതി ഗണിത സിദ്ധാന്ത (statistics) ശാസ്ത്രജ്ഞനുമായ ഇന്ത്യക്കാരൻ. 1920ൽ ആന്ധ്രപ്രദേശിൽ ജനിച്ചു. കേംബ്രിഡ്ജ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടി . 1949 മുതൽ 1964 വരെ റിസർച്ച് ട്രെയ്നിങ് സെന്ററിന്റെ ഡയറക്ടറായിരുന്നു. 1963 ൽ ശാന്തി സ്വരൂപ് ഭട്നാഗർ അവാർഡിനർഹനായി. 1967ൽ റോയൽ സൊസൈറ്റിയിലെ അംഗമായി. ധാരാളം ഗവേഷണ ലേഖനങ്ങളുടെയും കർത്താവാണ് അദ്ദേഹം.

# കാൾ ഗൗസ്

ജർമ്മൻ ഗണിതശാസ്ത്രജ്ഞൻ, ഊർജ്ജ തന്ത്രജ്ഞൻ, ജ്യോതിശാസ്ത്ര പണ്ഡിതൻ എന്നീ നിലകളിൽ ഇദ്ദേഹം അറിയപ്പെടുന്നു. ബഹിരാകാശ വസ്തുക്കളുടെ ഭ്രമണപഥം തിട്ടപ്പെടുത്തുന്നതിനുള്ള പുതിയ വഴികൾ അദ്ദേഹം വികസിപ്പിച്ചെടുത്തു വിഷമ ഭിന്ന സംഖ്യകൾ എന്ന ആശയം വിപുലീകരിച്ച് ബീജഗണിതത്തിൽ അടിസ്ഥാന സിദ്ധാന്തം ഉണ്ടാക്കി. ക്ഷേത്ര ഗണിതത്തിലും അദ്ധേഹത്തിന് താൽപര്യമുണ്ടായിരുന്നു.

**മുഹമ്മദ് ശാമിൽ എം (9 C)**

# വിഷ്ണു നാരായണൻ നമ്പൂതിരി



മലയാളത്തിലെ പ്രശസ്ത കവി, പണ്ഡിതൻ, വാഗ്മി, ചിന്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. തിരുവല്ലയിൽ ജനിച്ചു. കോളേജ് അധ്യാപകനായിരുന്നു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , കേരള സാഹിത്യ അക്കാദമി, പ്രകൃതി സംരക്ഷണ സമിതി, കേരള കലാമണ്ഡലം എന്നിവിടങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. . സ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു ഗീതം, ഭൂമിഗീതങ്ങൾ, അതിർത്തിയിലേക്ക് ഒരു യാത്ര, അപരാജിത, ആരണ്യകം, കവിതയുടെ ഡി.എൻ.എ., പ്രണയ ഗീതങ്ങൾ,ഇന്ത്യയെന്ന വികാരം, മുഖമെവിടെ, അപരാജിത തുടങ്ങിയ കൃതികൾ.

കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്(1994), കേരള സാഹിത്യ അക്കാദമി അവാർഡ്(1979), എഴുത്തച്ഛൻ പുരസ്കാരം(2014), പത്മശ്രീ(2014), വയലാർ പുരസ്കാരം(2010), വള്ളത്തോൾ പുരസ്കാരം(2010) തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

**റിൻഷിദ 9 I**



ഹിസാന.വി 9E

# ചെങ്കോട്ട



പതിനേഴാം നൂറ്റാണ്ടിൽ ചുവരുകളുടെ നഗരം എന്നറിയപ്പെടുന്ന പഴയ ഡൽഹിയിൽ മുഗൾ ഭരണാധികാരിയായിരുന്ന ഷാജഹാൻ ചക്രവർത്തി പണി കഴിപ്പിച്ച വിസ്തൃതമായ ഒരു കോട്ടയാണ് ചുവപ്പ് കോട്ട (ചെങ്കോട്ട). രണ്ട് കിലോമീറ്റർ ചുറ്റളവിലാണ് ഇത് നിർമിച്ചിട്ടുള്ളത്. ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. പതിനേഴാം നൂറ്റാണ്ടിൽ മുഗൾ ഭരണാധികാരികൾ താമസിച്ചിരുന്നതും ഈ കോട്ടയിലാണ് .

1857 ൽ അന്നത്തെ മുഗൾ ഭരണാധികാരിയിരുന്ന ബഹദൂർ ഷാ സഫറിൽ നിന്ന് ബ്രിട്ടീഷ് ഭാരത സർക്കാർ ചെങ്കോട്ട പിടിച്ചെടുക്കുന്നത് വരെ ഇത് മുഗൾ രാജവംശത്തിന്റെ തലസ്ഥാനമായി നില കൊണ്ടിരുന്നു . 2007 ൽ യുനസ്കോ വേൾഡ് ഹെറിറ്റേഡ് സൈറ്റിൽ ചെങ്കോട്ടയുടെ പേരും രേഖപ്പെടുത്തിയിരുന്നു .

# ചാർമിനാർ



ഹൈദരാബാദിൽനിന്ന് ഫ്ലാ എത്ര പാതയിൽനിന്നപ്ലേഗ് നിർമ്മാർജ്ജനം ചെയ്യതിൻറെ ഓർമ്മക്കായി 1951 ൽ നിർമ്മിച്ച ഇന്ത്യയിലെ സ്മാരകമാണ ചാർമിനാർ. 2012 ഈ സ്മാരകം ലോകഭൂപടത്തിൽ സ്ഥാനം നേടി. ചാർമിനാർ എന്നാൽ 4 മിനാരം ഉള്ള പള്ളി എന്നാണർത്ഥം. കുത്തബ് ഷാഹി രാജവംശത്തിലെ സുൽത്താൻ മുഹമ്മദ് ഷാഫി കുത്തബ് ഷാ ആണ് ഈ സ്മാരകം സ്ഥാപിച്ചത്. സുൽത്താൻ തൻറെ തലസ്ഥാന നഗരി ഗോൾക്കൊണ്ടയിൽനിന്ന് ഹൈദരാബാദിലേക്ക് മാറ്റിയ ശേഷമാണ് ചാർമിനാർ നിർമ്മാണം തുടങ്ങിയത്. ഗ്രാനൈറ്റ്, ചുണ്ണാമ്പ് കല്ല്, കരിങ്കല്ല് എന്നിവ കൊണ്ടാണ് ചാർമിനാർ നിർമ്മിച്ചിരിക്കുന്നത്. ചാർമിനാറിന്റെ ഓരോ വശത്തിനും 20 മീറ്റർ നീളം ആണുള്ളത്. ഹൈദരാബാദിൽ നഗരത്തിന്റെ മധ്യഭാഗത്തായി പേർഷ്യൻ നിർമ്മാണ രീതികൾ ഉപയോഗിച്ചാണ് ഈ സ്മാരകം നിർമ്മിച്ചിട്ടുള്ളത്.

# സമാധാനത്തിന്റെ മാലാഖ ഗാന്ധിജി

**നിദ.എൻ 8 C**

സമാധാനത്തിനുള്ള നോബേൽ സമ്മാനം ലഭിക്കേണ്ട വ്യക്തിയായിരുന്ന ഇന്ത്യൻ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി. എന്നാൽ എന്തുകൊണ്ട് ഗാന്ധിജി തടയപ്പെട്ടു എന്ന ചോദ്യത്തിനു കൃത്യമായ ഉത്തരങ്ങളില്ല. അഹിംസ സമര മാർഗ്ഗമായി സ്വീകരിച്ച് എല്ലാവരിൽ നിന്നു വ്യത്യസ്തനാവുകയായിരുന്ന അദ്ദേഹം. സമാധാന പുരസ്കാരം നിശ്ചയിക്കുന്ന നോർവീജിയൻ കമ്മിറ്റിക്ക് തങ്ങളുടെ രാജ്യവും ബ്രിട്ടനുമായുള്ള ബന്ധം ഗാന്ധിജിയെ തഴയാൻ ഒരു കാരണമായി എന്ന് പറയുന്നവരുമുണ്ട്.
അഹിംസ ജീവിത സന്ദേശമായി കണ്ട് ജീവിതത്തിൽ പകർത്തിയ മഹാത്മജിയുടെ സന്ദേശങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവന്നാൽ ലോകത്ത് സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ പറക്കും.

# എന്റെ ഇന്ത്യ

**ശാന പി 7 I**

ഞാൻ ഇന്ത്യയെക്കുറിച്ച് ചിന്തിക്കുമ്പോൾ പല കാര്യങ്ങളെയും ഓർക്കുന്നു. നിരവധി കൊച്ചു ഗ്രാമങ്ങളായ പുള്ളിക്കുത്തുകൾ പതിഞ്ഞ വിശാലമായ വയലുകൾ; ഞാൻ സന്ദർശിച്ചിട്ടുള്ള പട്ടണങ്ങളും നഗരങ്ങളും; ഉണങ്ങി വരണ്ട ഭൂമിയിൽ ജീവൻ പകരുകയും അതിനെ പെട്ടെന്ന് സൗന്ദര്യത്തിന്റെയും പച്ചപ്പിന്റെയും തിളങ്ങുന്ന വിശാലതയായി മാറ്റുകയും ചെയ്യുന്ന മഴക്കാലത്തിന്റെ ഇന്ദ്രജാലം; മഹാനദികൾ; ഒഴുകുന്ന വെള്ളം ; ആ നിശ്ശൂന്യമായ പരിസരങ്ങളോടു കൂടിയ ഖൈബർ ചുരം ;ഇന്ത്യയുടെ തെക്കെ മുനമ്പ്; ആളുകൾ ഒറ്റയ്ക്കും കൂട്ടായും സർവോപരി മഞ്ഞിൻ തൊപ്പിയണിഞ്ഞ ഹിമാലയം ; അഥവാ പുതുപൂക്കൾ കൊണ്ട് മൂടികിടക്കുന്ന വസന്താരംഭത്തിലെ ഒരു കാശ്മീർ മലഞ്ചെരിവിലും നുരച്ചു പതഞ്ഞു കളകള ശബ്ദത്തോടെ പാഞ്ഞുപോകുന്ന അതിലെ കൊച്ചരുവികൾ ഇവയെക്കുറിച്ചൊക്കെ ഞാൻ ചിന്തിക്കും. നമുക്കിഷ്ടപ്പെട്ട ചിത്രങ്ങളാണ് നാം വരക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നത്.

(ഇന്ത്യയെ കണ്ടെത്തൽ /നഹ്റു)

# ഇലക്ട്രോ നെഗറ്റിവിറ്റി

## ലിനസ് പോളിങ് [1901-1994]

ഹസ്‌ലഹ. 9 C

സഹസംയോജക ബന്ധനത്തിൽ പങ്കുവെക്കപ്പെട്ട ഇലക്ട്രോൺ ജോഡികളെ രണ്ടാറ്റങ്ങളും ആകർഷിക്കുമല്ലോ. സഹസംയോജക ബന്ധത്തിൽ ഏർപ്പെട്ട രണ്ടാറ്റങ്ങൾക്കിടയിലുള്ള ബന്ധിത ഇലക്ട്രോണുകളെ ആകർഷിക്കാനുള്ള അതത് ആറ്റത്തിന്റെ കഴിവാണ് ഇലക്ട്രോ നെഗറ്റിവിറ്റി.

മൂലകങ്ങളുടെ ഇലക്ട്രോ നെഗറ്റിവിറ്റി താരതമ്യം ചെയ്യുന്നതിനായി വ്യത്യസ്ത ഇലക്ട്രോ നെഗറ്റിവിറ്റി സ്കെയിലുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവയിൽ ലിനസ് പോളിങ് എന്ന അമേരിക്കൻ ശാസ്ത്രജ്ഞൻ ആവിഷ്കരിച്ച ഇലക്ട്രോ നെഗറ്റിവിറ്റി സ്കെയിൽ ആണ്. പൂജ്യത്തിനും നാലിനും ഇടയിലുള്ള സംഖ്യകളാണ് ഇതിൽ മൂലകങ്ങളുടെ ഇലക്ട്രോ നെഗറ്റിവിറ്റി വിലകളായി നൽകിയിട്ടുള്ളത്. ഈ സ്കെയിലിൽ ഇലക്ട്രോ നെഗറ്റിവിറ്റി ഏറ്റവും കൂടിയ മൂലകം ഫ്ളൂറിൻ ആണ്.

# അറിയപെടാത്തതിലേക്കുള്ള ഒരു യാത്രയാണ് ഈ ജീവിതം

രശ്മിക M 9A

അറിയപ്പെടാത്തതിലേക്കുള്ള യാത്ര മനോഹരമാണ്. അറിവ് സ്നേഹമാണ്. അറിവിന് സ്നേഹത്തിന്റെ ആഴം കൂട്ടാം. വിശദീകരണം നൽകാൻ കഴിയില്ല. ആഴങ്ങളിൽ നാം സ്നേഹമാകുന്നു. പുറത്തേക്കൊഴുകാൻ വെമ്പുന്ന യഥാർത്ഥ സ്നേഹം മൊട്ടിൽ നിന്നും പൂവായി ഇതൾ വിരിയുന്നു. എന്നിട്ടും നിരവധി തവണ പ്ലാസ്റ്റിക് പൊതിയിൽ അടക്കം ചെയ്തതു പോലെ ആവരണങ്ങളും തടസ്സങ്ങളും സുഗന്ധം പകരുന്നതിന് വിഘാതമാകുന്നു. ദൈവിക സ്നേഹസുഗന്ധം എവിടെയും നിറയുവാൻ അനുവദിക്കൂ. ചിന്തകൾ പോലെ, ജീവിതം പോലെ ആനുഭവിച്ചു മാത്രം അറിയാൻ കഴിയുന്ന ഒന്നാണ് സ്നേഹം. ഈ ഗ്രഹത്തിലെ സർവവും നാം കാണുന്നു. ജീവൻ ഉള്ളതുകൊണ്ടു മാത്രം.



# ചിത്രാഞ്ജലി



**അൻഷിഫ് K 9 B**





അൻഷിഫ് K 9 B



Niyasali 9E



Swetha PK 9A



Fathima Rinsi 8D



Jumana Jasmin K 9 E

Arathi Krishna
PK 9A





Jasla KP 9 E



Shimna Shirin 9 I



Fathima Humaida 8F





Niya KrishnaMP 9 E



Jumana Jasmin K 9 E

## ലിൻഷ ടി. സി 9 D





# Little KITEs Members



Nihala PK



ArathiKrishna



Reshmika M



Princy C



Aiswaria MP



Swetha PK



Shamila Nasrin



Nikhila P



Hisana V



Fathima Hiba



Jumana Jasmin



Linsha TC



Jasna PK



Jasla PK



Rinshida A



Shimna Sherin P



ayisha Liyana M



Shahla Sheri MT



Ubaid Rahman



Midlaj P


Anshif P


Mohammed Hashim


Mohammed Shafi K


Mohammed Musavir K


Muhamed Jaseel


Abiyahmon PS


Marvan Murshid


Athul Sankar S


Vidhu Karthik K



Salavudheen P

# ചലനങ്ങൾ ചാലകശക്തികൾ

# ആക്ടീവ് ലിറ്റിൽ കൈറ്റ്സ്


















# Live Clubs






















**"വത്സ്രു! നിന്നിൽ നിന്നും**
**കൊളുത്തട്ടെ, പത്തല്ല,**
**നൂറല്ലൊരായിരം പന്തങ്ങ-**
**ളെൻ പിൻമുറക്കാർ"**